പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1079

30.10.2019 -ലെ മറുപടിയ്ക്ക്

**തൊഴിലാളി സംരക്ഷണത്തിനായി തൊഴിൽ നിയമങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഇടതുപക്ഷ സർക്കാർ വിവിധ മേഖലകളിലെ വനിതകൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സംരക്ഷണത്തിന് പ്രധാന്യം നൽകി ധാരാളം തൊഴിൽ നിയമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിന് നിരന്തരമായ ഇടപെടലുകൾ ആവശ്യമായി വരുന്നുണ്ടോ; | എ) ഉണ്ട്. 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 20.12.2018 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡുകളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചു വരുകയുമാണ്.<br><br>ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാ വേളയിലും പ്രസ്തുത നിയമ ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ടി ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. |
| ബി) സംസ്ഥാനത്ത് തൻവർഷം എത്ര തൊഴിൽ നിയമ ലംഘന കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിവരിക്കാമോ; | ബി) |

| ജില്ല | പ്രോസിക്യൂഷൻ+ ക്ലെയിം പെറ്റീഷൻ |
|---|---|
| തിരുവനന്തപുരം | 555 |
| കൊല്ലം | 594 |
| ആലപ്പുഴ | 344 |
| പത്തനംതിട്ട | 104 |
| കോട്ടയം | 490 |
| ഇടുക്കി | 228 |
| എറണാകുളം | 791 |
| തൃശ്ശൂർ | 293 |

| | |
|---|---|
| പാലക്കാട് | 400 |
| മലപ്പുറം | 167 |
| കോഴിക്കോട് | 278 |
| വയനാട് | 120 |
| കണ്ണൂർ | 265 |
| കാസർഗോഡ് | 142 |

സി) ഇതിൽ എത്ര കേസുകൾ തീർപ്പാക്കിയതായി വ്യക്തമാക്കാമോ;

സി)

| ജില്ല | പ്രോസിക്യൂഷൻ+ ക്ലെയിം പെറ്റീഷൻ |
|---|---|
| തിരുവനന്തപുരം | 83 |
| കൊല്ലം | 96 |
| ആലപ്പുഴ | 120 |
| പത്തനംതിട്ട | 0 |
| കോട്ടയം | 130 |
| ഇടുക്കി | 37 |
| എറണാകുളം | 130 |
| തൃശ്ശൂർ | 142 |
| പാലക്കാട് | 54 |
| മലപ്പുറം | 28 |
| കോഴിക്കോട് | 94 |
| വയനാട് | 46 |
| കണ്ണൂർ | 187 |
| കാസർഗോഡ് | 54 |

ഡി) തൊഴിൽ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഡി) വേതനവും, ലീവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച പരാതിയിന്മേൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിയ്ക്കുകയും തൊഴിൽ നിഷേധം സംബന്ധിച്ച പരാതികളിന്മേൽ ജില്ലാ ലേബർ ഓഫീസർ (ജി) ചർച്ചകൾ നടത്തി പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഒത്തുതീർപ്പാക്കാത്ത പരാതികൾ സമയബന്ധിതമായി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്-1947 സെക്ഷൻ 12 (4) പ്രകാരം അഡ്ജ്യൂഡിക്കേഷന് ശുപാർശ ചെയ്ത് അയയ്ക്കാറുമുണ്ട്. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി ബന്ധപ്പെടുന്നതിന് തൊഴിൽ വകുപ്പിൽ കോൾ സെന്റർ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

Anishas

**സെക്ഷൻ ഓഫീസർ**